**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 259

10.12.2018–ൽ
മറുപടിക്ക്

# തീരദേശ ഹൈവേ

ചോദ്യം

ശ്രീ. വി.കെ.സി.മമ്മത് കോയ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.വി.ജോയി :
ശ്രീ.വി.അബ്ദുറഹിമാൻ :

മറുപടി

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)

**ചോദ്യം**

(എ) തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് തലപ്പാടി വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

(എ) 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തി 14 മീറ്റർ വീതിയിൽ തീരദേശ പാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ എം.എൽ.എ മാരുമായുള്ള ചർച്ചകൾക്ക് ശേഷം മാത്രമേ ആകാവൂ എന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ നിർദ്ദിഷ്ട തീരദേശ ഹൈവേ തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് വരെ നീട്ടണമെന്നും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ ഹൈവേ കടന്നു പോകുന്ന വിവിധ മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി യോഗങ്ങൾ ചേരുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി മീറ്റിംഗുകൾ പൂർത്തീകരിച്ച് ഉടൻ തന്നെ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ നീളം വരുന്ന റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. മറ്റുള്ള റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി ഉടൻ തന്നെ സമർപ്പിക്കുന്നതാണ്.

(ബി) തീരദേശ പാതയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ സ്ഥലമേറ്റെടുപ്പ് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതിയ്ക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ബി) (സി) & (ഡി) വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതിയ്ക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ച് നൽകി തീരദേശ പാത കടന്നു പോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**